CYAN MAGENTA YELLOW BLACK

പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

● വാല്യം 2 ● ലക്കം 32 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 2009 ഏപ്രിൽ 29

# പൊളിഞ്ഞുപോയ ഒരു രാഷ്ട്രീയനാടകം

കെ.എം. തോമസ്

രാഷ്ട്രീയത്തിൽ എന്തും ആകാമെന്നോ? ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ സമാപനദിവസം കോട്ടയത്ത് അരങ്ങേറിയ രാഷ്ട്രീയ നാടകം ജനാധിപത്യ വിശ്വാസികളുടെ ഉള്ളിലുയർത്തുന്ന സംശയമിതാണ്.

പ്രചാരണത്തിന്റെ കൊട്ടിക്കലാശവേളയിൽ നഗരത്തിൽ സംഘർഷം സൃഷ്ടിക്കാൻ ചിലർ പദ്ധതിയിട്ടിരിക്കുന്നതായി ഒരു സംസാരം നേരത്തെ പടർന്നിരുന്നു. അതിന്റെ വെളിച്ചത്തിലാവണം തങ്ങളുടെ പ്രവർത്തകരെ രാഷ്ട്രീയ കാപാലികർക്ക് എറിഞ്ഞുകൊടുക്കേണ്ടതില്ല എന്നു തീരുമാനിച്ചുകൊണ്ട് യുഡിഎഫ് പ്രചാരണ സമാപനം ഉച്ചയ്ക്കുമുമ്പ് പൂർത്തിയാക്കിയത്. തികഞ്ഞ അച്ചടക്കത്തോടെ, സമാധാനപരമായി, ഗതാഗത തടസ്സം പോലും സൃഷ്ടിക്കാതെ നടത്തിയ യുഡിഎഫ് പരിപാടി മാധ്യമങ്ങളുടെ പ്രശംസയ്ക്ക് പാത്രമാവുകയും ചെയ്തു.

ഉച്ചയ്ക്കുശേഷമായിരുന്നു ബിജെപിയുടെയും സിപിഎമ്മിന്റെയും സമാപനം. ഏതാണ്ട് ഒരേ സമയത്ത് തിരുനക്കരയിൽ രണ്ടു കൂട്ടരുടെയും പ്രവർത്തകർ മുഖാമുഖം എത്തിയത് തന്നെ ആദ്യത്തെ അപകടസൂചനയായി. ബിജെപിയുടെ അലങ്കരിച്ച പ്രചാരണവാഹനത്തിനു ചുറ്റും നിന്നുകൊണ്ട് സിപിഎം സ്ഥാനാർത്ഥിയുടെ കട്ടൗട്ടുകൾ ഉയർത്തിപ്പിടിച്ച് ഇടതുപക്ഷപ്രവർത്തകർ മുദ്രാവാക്യം വിളിക്കുകയും നൃത്തം വയ്ക്കുകയും ചെയ്യുന്നതു കണ്ടവരെല്ലാം ഇപ്പോൾ അടിയുണ്ടാകും എന്ന് ആശങ്കപ്പെട്ട് നില്ക്കെ അത് സംഭവിക്കുകയും ചെയ്തു.

വ്യാപകമായി ഉണ്ടായ സംഘർഷത്തിനിടയിൽ ഇരുവിഭാഗം പ്രവർത്തകരും പരസ്പരം കല്ലെറിഞ്ഞു. ബിജെപി സ്ഥാനാർത്ഥി നാരായണൻ നമ്പൂതിരിതന്നെ ഏറുകൊണ്ട് ആദ്യം വീണു. അദ്ദേഹത്തെ ആശുപത്രിയിലേക്ക് കൊണ്ടുപോകാനെത്തിയ വാഹനം, പതിവുപോലെ സിപിഎമ്മുകാർ തടഞ്ഞു. ഒരുവിധത്തിൽ നമ്പൂതിരിയെ മെഡിക്കൽ കോളജിലെത്തിച്ചു. സംഘർഷദൃശ്യങ്ങൾ പത്രങ്ങളുടെയും ചാനലുകളുടെയും ക്യാമറകൾ അപ്പപ്പോൾ ഒപ്പിയെടുക്കുന്നുണ്ടായിരുന്നു. ചാനലുകാർ അവ തത്സമയം തന്നെ പ്രേക്ഷകരിലെത്തിക്കുകയും ചെയ്തു. പിറ്റേന്ന് പ്രമുഖ പത്രങ്ങളും അവ പ്രസിദ്ധീകരിച്ചു. എൽഡിഎഫ് എന്നെഴുതിയ തൊപ്പി ധരിച്ച പ്രവർത്തകർ കല്ലെറിയുകയും എതിരാളികളെ വളഞ്ഞിട്ട് മർദിക്കുകയും ചെയ്യുന്ന ചിത്രങ്ങൾ. എല്ലാം പകൽ പോലെ വ്യക്തം. സ്വയം സംസാരിക്കുന്നവ.



ആര് ആരെയാണ് മർദിക്കുന്നത്?

എന്നിട്ടും എന്താണുണ്ടായത്? കല്ലെറിഞ്ഞത് സിപിഎമ്മുകാരാണെന്ന് താൻ നേരിൽ കണ്ട സത്യം പറഞ്ഞ യുവമോർച്ച ജില്ലാ പ്രസിഡണ്ടിനെ മുതിർന്ന നേതാക്കൾ തിരുത്തി. ബിജെപിയുടെ ജില്ലാഭാരവാഹികൾ, കല്ലെറിഞ്ഞത് യുഡിഎഫുകാരാണെന്നും അത് തങ്ങളാണെന്ന് തെറ്റിദ്ധരിച്ച സിപിഎം പിഡിപി പ്രവർത്തകർ ബിജെപി പ്രവർത്തകരെ മർദിക്കുകയായിരുന്നുവെന്നു പ്രസ്താവനയിറക്കി! തുടർന്ന് സിപിഎമ്മിന്റെ എംഎൽഎ ഉൾപ്പെടെയുള്ള മൂന്ന് നേതാക്കൾ പത്രസമ്മേളനം വിളിച്ച് യുഡിഎഫുകാരാണ് അക്രമത്തിന്റെ പിന്നിലെന്ന് ആരോപിക്കുകയും ചെയ്തു!

വെറുതെ ആരോപിക്കുകയല്ല, കേരളാ കോൺഗ്രസിന്റെ ഒരു ജില്ലാപഞ്ചായത്തംഗത്തിന്റെ ഭർത്താവാണ് കല്ലേറിന് നേതൃത്വം നല്കിയതെന്ന് കൃത്യമായി പറയുകയാണുണ്ടായത്. പക്ഷേ, സംഘർഷസമയത്ത് ഭാര്യയും ഭർത്താവും വീട്ടിൽ ടിവിയിൽ ആ ദൃശ്യങ്ങൾ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തെ ഒരു കേസിൽ കുടുക്കി പകവീട്ടാനുള്ള ആരുടെയോ ഹീനതന്ത്രമായിരുന്നത്രേ ഇതിനു പിന്നിൽ പ്രവർത്തിച്ചത്.

>> 2




*അനുസ്മരണം*



ഡോ. ഹെർമൻ ഗുണ്ടർട്ട് *(1814 – 1893)* 15

*മുഖപ്രസംഗം*
ജനാധിപത്യമൂല്യങ്ങൾ മാനിക്കുന്ന കേരളം 2

*വിശകലനം*
സിപിഎമ്മിന്റെ ന്യൂനപക്ഷസംരക്ഷണം ഒരു തമാശക്കഥ 3
ഡോ. കുര്യാസ് കുമ്പളക്കുഴി

*ജർമൻഡയറി*
ദേവാലയം ജനപ്രതിനിധികൾക്കും മേൽക്കൂര 4
ജോർജ് കുറ്റിക്കാട്ട്

*രാഷ്ട്രീയ കേരളം*
ഇടതുമുന്നണിയിൽ ഇനി പ്രതിസന്ധിയുടെ കലാശക്കൊട്ട് 5
സാബു ജോൺ

*മനസ്സറിയുക ശരീരവും*
കൗമാരഗർഭം ഒരു മഹാവിപത്ത് 6
ഡോ.(സി.) ഷാലു കോയിക്കര

*ഇതാണു നിയമം*
കേസുകൾ രാജിയാകൽ 7
അഡ്വ. ചാർളിപോൾ

*സമകാലികം*
വരുൺ ഗാന്ധി, ദയവായി ഒരു നിമിഷം 9
ബോബി കെ. മാത്യു

*ചരിത്രം*
മൈസൂറിന്റെ ശക്തിയും മലബാറിന്റെ പ്രാധാന്യവും 12
ഡോ. എ.പി. ഇബ്രാഹിം കുഞ്ഞ്

*ചുവരെഴുത്തുകൾ*
നേരിൽ പഠിച്ച് നേരെ മറക്കുന്ന പാഠങ്ങൾ 14
ശ്വേതകേതു

*രാഷ്ട്രീയം*
റഷ്യയിൽ പിറന്ന ബോൾഷെവിസം 17
പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ

*പുനരാഖ്യാനം*
മഹാഭാരതം 18
സവ്യസാചി

മറ്റു പംക്തികളും

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 2 ലക്കം 32
2009 ഏപ്രിൽ 29
പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*രാഷ്ട്രീയക്കാർ അടുത്ത തെരഞ്ഞെടുപ്പിനെപ്പറ്റി ചിന്തിക്കുന്നു;*
*രാഷ്ട്രമീമാംസകർ അടുത്ത തലമുറയെപ്പറ്റിയും.*

– ജെ. എഫ്. ക്ലാർക്ക്

# ജനാധിപത്യമൂല്യങ്ങൾ മാനിക്കുന്ന കേരളം

**ഒ**രു ജനാധിപത്യരാഷ്ട്രത്തിലെ പൗരൻ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ മഹത്തായ അടയാളവും രാഷ്ട്രീയ ധാർമികതയ്ക്കെതിരെ അവൻ അവസരോചിതമായി പ്രയോഗിക്കുന്ന ആയുധവുമാണു വോട്ടവകാശം. ഈ സത്യം തിരിച്ചറിയുന്നവർ വോട്ടവകാശം ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല. അതാണു കേരളം കഴിഞ്ഞ പതിനാറാം തീയതി വ്യക്തമാക്കിയത്.

70 മുതൽ 80 ശതമാനം വരെ പോളിംഗ് രേഖപ്പെടുത്തിയ ലോക്സഭാ ഇലക്ഷനാണു 16നു നടന്നത്. അതു പരമാവധിയാണ്. പോളിംഗ് ശതമാനം എൺപതിനപ്പുറം പോകുന്നതു സംശയാസ്പദമായിരിക്കും. എത്ര ശ്രദ്ധിച്ചും നവീകരിച്ചും തയ്യാറാക്കിയാലും വോട്ടേഴ്സ് ലിസ്റ്റിലുള്ള 20 ശതമാനത്തോളം വോട്ടർമാക്ക് പല കാരണങ്ങൾ കൊണ്ടു വോട്ടവകാശം വിനിയോഗിക്കാൻ കഴിയാതെ പോകും. ഇതൊരു സാമാന്യവസ്തുതയാണ്.

തിരുവനന്തപുരത്തുണ്ടായ ഏറ്റവും കുറഞ്ഞ പോളിംഗും കണ്ണൂരിലുണ്ടായ ഏറ്റവും കൂടിയ പോളിംഗും രണ്ടുതരത്തിലാണു വിലയിരുത്തപ്പെടേണ്ടത്. ഫ്ളോട്ടിംഗ് പോപ്പുലേഷൻ ഏറ്റവും കൂടുതലുള്ള സ്ഥലമാണു തലസ്ഥാനനഗരി. ഈ വർഷം ഈസ്റ്റർ, വിഷു, ഇലക്ഷൻ എന്നിവ തൊട്ടടുത്ത ദിനങ്ങളിലായത് ധാരാളം പേർക്കു വോട്ടവകാശം വിനിയോഗിക്കുന്നതിനു തടസ്സമായെന്നു വേണം കരുതാൻ. ദൂരെ സ്ഥലങ്ങളിൽ കുടുംബാംഗങ്ങളോടൊപ്പം ആഘോഷദിനങ്ങൾ പങ്കുവയ്ക്കാൻ പോയവർക്കു യഥാസമയം തിരിച്ചെത്തി വോട്ടു രേഖപ്പെടുത്താൻ കഴിഞ്ഞില്ല. അതുകൊണ്ടു പോളിംഗ് ശതമാനം കുറഞ്ഞു.

പക്ഷേ, കണ്ണൂരിലെ കാര്യം വ്യത്യസ്തമാണ്. വൈകാരിക തീവ്രത വഴിനടത്തുന്ന ഒരു ജനസമൂഹമാണു കണ്ണൂരിലുള്ളത്. അതേസമയം തന്നെ, രാഷ്ട്രീയമായും സാംസ്കാരികമായും കണ്ണൂരിന്റെ പ്രബുദ്ധത കേരളത്തിലെ മറ്റൊരു ഭാഗത്തിനും അവകാശപ്പെടാനാവുകയുമില്ല. ഇത്തരമൊരു ജനതയെ ഇടതുപക്ഷരാഷ്ട്രീയം മുതലെടുക്കുന്ന ചരിത്രത്തിനു പുന്നപ്രവയലാർ കാലത്തോളം പഴക്കമുണ്ട്. നേർരേഖയിൽ സഞ്ചരിക്കുന്നവന്റെ പ്രതിജ്ഞാബദ്ധതയാണിവിടെ ചൂഷണം ചെയ്യപ്പെടുന്നത്. രക്ഷിക്കുന്നവനു തലകൊടുക്കാനും ഒപ്പം, എതിർക്കുന്നവന്റെ തലയെടുക്കാനുമുള്ള ആവേശം, പാർട്ടി നേതൃത്വം പറയുന്നതെന്തും അക്ഷരംപ്രതി നിറവേറ്റാനുള്ള സന്നദ്ധതയിലേക്കവരെ നയിക്കുന്നു. അതാണ് രാഷ്ട്രീയ പ്രതിയോഗികളെ ഏതു വിധത്തിലും തെരഞ്ഞെടുപ്പു ഗോദായിൽ നിന്നു പുറത്താക്കാനുള്ള വൈദഗ്ധ്യമായി മാറുന്നത്. ഇതു കള്ളവോട്ടിന്റെ വഴി സുഗമമാക്കുന്നു.

കാസർഗോഡിലെ ചില ബൂത്തുകളിൽ ഈ ദൃശ്യം കണ്ട യുഡിഎഫ് സ്ഥാനാർത്ഥി ഷാഹിദ കമാൽ അമ്പരന്നുപോയി. കൊല്ലത്തു സ്വന്തം നാട്ടിൽ ഇത്തരമൊരു രാഷ്ട്രീയക്കസർത്ത് അവർക്കു പരിചയമുണ്ടായിരുന്നില്ല. അതുകൊണ്ടാണവർ ഉടൻതന്നെ അതിലിടപെട്ടതും.

ഇത്തരം കുത്സിത നീക്കങ്ങൾ ജനാധിപത്യത്തെയാണു കളങ്കപ്പെടുത്തുന്നതെന്ന്, ഇതിനു നേതൃത്വം കൊടുക്കുന്നവർ എന്തുകൊണ്ടറിയാതെ പോകുന്നു? അറിയാഞ്ഞിട്ടല്ല, അറിഞ്ഞുകൊണ്ടുതന്നെയാണു ചെയ്യുന്നതെന്നായിരിക്കും അവരുടെ മറുപടി. അതിനുള്ള ന്യായീകരണം, ജനഹിതമല്ല പാർട്ടിഹിതമാണു ജനാധിപത്യത്തിന്റെ കാതലെന്ന വിചിത്രമായ വാദവുമായിരിക്കും!

ഇതിലദ്ഭുതമില്ല. ഏതുവിധത്തിലും അധികാരം നിലനിർത്തുകയെന്നതാണ്, ജനാഭിപ്രായം മാനിക്കുകയെന്നതല്ല തങ്ങളുടെ പ്രവർത്തനശൈലിയെന്ന്, അധികാരത്തിൽ വന്ന സ്ഥലങ്ങളിലെല്ലാം കമ്യൂണിസ്റ്റു പാർട്ടികൾ നിർദാക്ഷിണ്യം തെളിയിച്ചിട്ടുണ്ട്. ജനക്ഷേമം, ജനഹിതം തുടങ്ങിയ പദങ്ങൾക്കു കമ്യൂണിസ്റ്റു നിഘണ്ടുവിൽ ഇടമില്ലല്ലൊ. മറ്റു ജില്ലകളിലേക്കുകൂടി ഈ ജനാധിപത്യധ്വംസനം വ്യാപിപ്പിക്കാൻ കേരളജനത ഇതുവരെ അനുവദിച്ചിട്ടില്ല എന്നതു മാത്രമാണാശ്വാസം.

ഈ തെരഞ്ഞെടുപ്പിൽ പ്രകടമായ മറ്റൊരു പ്രത്യേകത ന്യൂനപക്ഷസമുദായങ്ങൾക്കു മുൻതൂക്കമുള്ള മണ്ഡലങ്ങളിലെല്ലാം ഉണ്ടായ കനത്ത പോളിംഗാണ്. ന്യൂനപക്ഷസംരക്ഷകരെന്നു വാദിക്കുന്ന ഭരണകക്ഷികളുടെ ന്യൂനപക്ഷവിരുദ്ധ നിലപാടുകൾക്കു ജനം നല്കാനിടയുള്ള കനത്ത പ്രഹരത്തിന്റെ സൂചകമായിട്ടാണ് ഈ മാറ്റം പൊതുവെ വിലയിരുത്തപ്പെടുന്നത്. എന്നാൽ, തങ്ങളുടെ സംരക്ഷണം ന്യൂനപക്ഷങ്ങൾ ഉൾക്കൊണ്ടു എന്നതിനു തെളിവാണിത് എന്നു വാദിക്കാനാണു ഭരണകക്ഷികൾക്കു താത്പര്യം. യാഥാർത്ഥ്യമറിയാൻ മെയ് 16 വരെ കാത്തിരുന്നാൽ മതിയാകും.

വളരെ മികച്ചതും വികസനോന്മുഖവും ജനക്ഷേമപ്രധാനവുമായ കർമപരിപാടികൾ കൊണ്ട് ഇന്ത്യൻ ജനതയ്ക്കാകമാനം ആശ്വാസം നല്കിയ ഒരു ഭരണമായിരുന്നു മൻമോഹൻസിംഗ് ഗവൺമെണ്ടിന്റേത്. അതിനുള്ള അംഗീകാരമായും കേരളത്തിലെ ഉയർന്ന പോളിംഗ് ശതമാനത്തെ വിലയിരുത്താവുന്നതാണ്. ഫലമെന്തായാലും ശരി, ജനാധിപത്യപ്രക്രിയയിൽ പങ്കുചേരാനുള്ള കേരളീയ സന്നദ്ധത തീർച്ചയായും ശുഭസൂചകമാണ്.

## പ്രതികരണം

# തരിശുനിലങ്ങൾ കൃഷി ചെയ്യണം

**കേ**രളത്തിന്റെ അങ്ങോളമിങ്ങോളം നെല്പാടങ്ങൾ വർഷങ്ങളായി തരിശ്ശായികിടക്കുന്നു. അത് ഗുണപ്രദമായി ഉപയോഗിക്കാൻ വേണ്ട ഒരു നടപടിയും മാറിമാറിവരുന്ന സർക്കാരുകൾ സ്വീകരിക്കുന്നില്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ തരിശുനിലങ്ങളിൽ ഉടനെ ആരും നെല്കൃഷി ചെയ്യില്ല.

സർക്കാർ പ്രോത്സാഹനമുണ്ടെങ്കിൽ ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇത്തരം സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന വിളകളിൽ കേരളത്തിന് അനുയോജ്യമായവ കണ്ടെത്തി കൃഷിചെയ്യാം. അതുവഴി നമ്മുടെ ഭക്ഷ്യദൗർലഭ്യത്തിന് ഒരു പരിധിവരെ പരിഹാരം കാണുവാനും കാർഷികമേഖലയുടെ പുനരുദ്ധാരണത്തിന് മികച്ച തുടക്കം നല്കുവാനും കഴിയും.

വയലിൽ മണ്ണിറക്കാതെ മണ്ണ് വെട്ടിക്കൂട്ടി തിട്ടയുണ്ടാക്കി പച്ചക്കറികൃഷിയും കാലിത്തീറ്റ വളർത്തലും വ്യാപകമായി ചെയ്യാം. കാലിത്തീറ്റവളർത്തലിന് സർക്കാർ സഹായം, റബർ കൃഷിക്ക് ചെയ്യുന്നതുപോലെ നല്കിയാൽ പാലുത്പാദനവും മാംസവർധനയും തൊഴിൽ സാധ്യതയും ഏറും. മാലിന്യം കലരാത്ത നല്ല പാല് കേരളീയർക്ക് സുലഭമാകും. കൊതുകുശല്യം മാറും.

തെങ്ങിന് വസന്ത ഇല്ലാത്തിടത്ത് തെങ്ങുകൃഷി. വരൾച്ച ലഭിക്കുന്നിടത്ത് റബർകൃഷി. വെള്ളം വറ്റാത്തിടത്ത് മാഞ്ചിയം പോലുള്ള വൃക്ഷങ്ങളും വച്ചുപിടിപ്പിക്കാം.



മീൻകൃഷി, താറാവുകൃഷി മുതലായവയും അനുബന്ധമായി നടത്താം. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സഞ്ചരിച്ച് മാതൃകകൾ കണ്ട് നമ്മുടെ നാടിന് അനുയോജ്യമായ കൃഷി കണ്ടെത്താം.

ആധുനിക പരീക്ഷണ നിരീക്ഷണങ്ങൾ വഴി നമ്മുടെ സ്ഥലങ്ങൾക്കനുയോജ്യമായ വിളകളും കൃഷിരീതികളും കണ്ടെത്താം. പക്ഷേ, ആരാണു മിനക്കെടുക അല്ലേ?

സമത്വസുന്ദരലോകം സൃഷ്ടിക്കാനെന്ന പേരിൽ അധികാരം കൈയാളിയവരുടെ മനസ്സാക്ഷിയോട് അവർ തന്നെ ഒന്നു ചോദിക്കട്ടെ. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതായപ്പം വെറുതേയിട്ടു നശിപ്പിക്കാനാണോ ഭാവം, പൈങ്കിളിയേ?

**സി.ടി. മാത്യു**

*ചിറത്തടം, കുറവിലങ്ങാട്*

# പൊളിഞ്ഞുപോയ ഒരു രാഷ്ട്രീയ നാടകം

>>1

ആടിനെ പട്ടിയാക്കുക എന്ന് കേട്ടിട്ടേയുള്ളു. പട്ടാപ്പകൽ നടന്ന ഒരു സംഭവത്തിന് ഇപ്രകാരം കള്ള വ്യാഖ്യാനങ്ങൾ ചമയ്ക്കാനുള്ള അസാധാരണ വൈദഗ്ധ്യത്തെ ദുഷ്ടതയെന്നേ വിളിക്കാനാവൂ. ഏതാനും സിപിഎമ്മുകാരും ബിജെപിക്കാരും കൂടി അക്ഷരനഗരിയുടെ നെഞ്ചിൽ ചോരയൊഴുക്കാനും ഒന്നോ രണ്ടോ രക്തസാക്ഷികളെ സൃഷ്ടിക്കാനും നടത്തിയ ആസൂത്രിത ശ്രമം പരാജയപ്പെട്ടതിലുള്ള നിരാശ! വാസ്തവത്തിൽ യുഡിഎഫുകാരുടെ അവസരോചിതമായ നടപടികൊണ്ട് വലിയൊരാപത്ത് കോട്ടയത്തു നിന്നും ഒഴിവായിപോവുകയായിരുന്നു.

സംഭവദിവസം തന്നെ, സംഘർഷത്തിൽ പരുക്കേറ്റ് ആശുപത്രിയിൽ കഴിഞ്ഞിരുന്ന ബിജെപി സ്ഥാനാർത്ഥിയെ സന്ദർശിക്കാൻ യുഡിഎഫ് സ്ഥാനാർത്ഥി ജോസ് കെ. മാണി എത്തി. തികച്ചും അഭിനന്ദനാർഹവും മാതൃകാപരവുമായ നടപടി. പക്ഷേ, അതും സിപിഎം–ബിജെപി നാടകക്കാർക്ക് സഹിച്ചില്ല. അവർ സ്ഥാനാർത്ഥിയെയും ഒപ്പമുണ്ടായിരുന്ന എംഎൽഎയും ആക്ഷേപിച്ചു, കൂകി വിളിച്ചു. ഒപ്പമെത്തിയ ചിലരുടെ കാറുകൾ തകർത്തു. ഓരോരുത്തരും സ്വന്തം സംസ്കാരം വെളിപ്പെടുത്തുന്നത് ഓരോ വിധത്തിലാണല്ലോ.

പിറ്റേന്ന് ചില പത്രങ്ങൾ മറ്റൊരു രഹസ്യം പുറത്തുകൊണ്ടുവന്നു. ബിജെപിയുമായി വോട്ടുകച്ചവടം നടത്താനുള്ള പ്രാഥമിക കരാറായിരുന്നത്രെ ഈ കലാപരിപാടി. അഡ്വാൻസായി രണ്ടുലക്ഷം രൂപയും സിപിഎം, ബിജെപി നേതാക്കൾക്ക് കൈമാറിയിരുന്നത്രേ.

ഏതായാലും തൊട്ടുപിറ്റേന്ന് നാടകത്തിനു പര്യവസാനമുണ്ടായി. തന്നെ കല്ലെറിഞ്ഞത് കണ്ടാലറിയാവുന്ന സിപിഎം പ്രവർത്തകരാണെന്നു നാരായൺ നമ്പൂതിരി തന്നെ വെളിപ്പെടുത്തി. രാഷ്ട്രീയ നാടകത്തിനും വോട്ടുകച്ചവടത്തിനും കച്ചകെട്ടിയിറങ്ങിയവർ സമൂഹത്തിന് മുന്നിൽ പരിഹാസ്യരാവുകയും ചെയ്തു.

ഏതിനും ഒരതിരുണ്ട്. അത് രാഷ്ട്രീയത്തിനും ബാധകം. എന്തു തോന്ന്യാസവും അരങ്ങേറ്റാവുന്ന ഒരു കലാപ വേദിയായി രാഷ്ട്രീയത്തെ മാറ്റുന്നത് ആത്മഹത്യാപരമാണ്. അത് എല്ലായിടത്തും എല്ലാക്കാലത്തും വിജയകരമായി പ്രയോഗിക്കാം എന്ന് കരുതുന്നതും മൗഢ്യമാണ്.

കോട്ടയത്തിന് കേരളചരിത്രത്തിലുള്ള സ്ഥാനം അക്ഷരസംസ്കാരവുമായി ബന്ധപ്പെട്ടതാണ്. കേരളത്തിലെ പ്രമുഖങ്ങളായ രണ്ടു പത്രങ്ങളുടെ ജന്മസ്ഥലം. കേരളത്തിലെ ആദ്യത്തെ പ്രസ്സും ആദ്യത്തെ കോളജും സ്ഥാപിതമായ സ്ഥലം. സാഹിത്യത്തിന്റെയും ഇതര കലകളുടെയും സാംസ്കാരിക പ്രകാശം ജനജീവിതത്തെ ധന്യമാക്കിയ പ്രദേശം. സമാധാനപ്രിയരും സംസ്കാര സമ്പന്നരുമായ ജനങ്ങളുടെ വാസഭൂമി. അവിടേക്ക് രാഷ്ട്രീയ കാപാലികർക്ക് ചുവപ്പുപരവതാനി വിരിക്കാൻ ആരെങ്കിലും ഒരുങ്ങുന്നത് നമുക്ക് സഹിക്കാനാവില്ല.

തെരഞ്ഞെടുപ്പ് പ്രചാരണ സമാപനത്തിന് വേഷം കെട്ടിയെത്തുന്നത് പ്രബുദ്ധരായ രാഷ്ട്രീയ പ്രവർത്തകരൊന്നുമല്ല. നല്ലൊരുഭാഗം കൂലിപ്പടയാണ്. നിറയെ മോന്താൻ കിട്ടുന്ന മദ്യമാണവരുടെ ആകർഷണം. പാവപ്പെട്ട കുറെ മനുഷ്യരുടെ ഈ ദൗർബല്യം മുതലെടുത്ത് നടത്തുന്ന ഇത്തരം കലാപരിപാടികളെന്തിന്?

2008 ഫെബ്രുവരി 14ന് കോട്ടയത്തുവച്ച്തന്നെ നടന്ന സിപിഎം സംസ്ഥാന സമ്മേളനത്തിന്റെ സമാപനത്തിൽ ബഹളം വച്ച പ്രവർത്തകരെ സെക്രട്ടറി പിണറായി വിജയൻ ശാസിച്ചതോർമയില്ലേ? “ഏതാനും വഷളന്മാർ വന്ന് അവരുടെ വഷളത്തരമാണിവിടെ കാണിക്കുന്നത്. എന്തു തോന്ന്യാസവും കാണിക്കാനുള്ള സ്ഥലമാണോ ഇത്? അകത്ത് കിടക്കുന്ന കള്ളിന്റെ വീര്യമല്ല ഇവിടെ കാണിക്കേണ്ടത്. ”

ഇതാണു വാസ്തവത്തിൽ ഏപ്രിൽ 14ന് വൈകുന്നേരം തിരുനക്കരയിൽ നടന്നത്. പക്ഷേ, അവരെ ശാസിക്കാൻ സംസ്ഥാന സെക്രട്ടറി ഉണ്ടായിരുന്നില്ലല്ലോ.

◆

വിശകലനം

പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

# സിപിഎമ്മിന്റെ ന്യൂനപക്ഷസംരക്ഷണം ഒരു തമാശക്കഥ!

**ഒറീസ്സയിലെ ക്രൈസ്തവപീഡനമോർത്തു നിലവിളിക്കുമ്പോൾ ചൈനയിലെ ക്രൈസ്തവസമൂഹം ആറു പതിറ്റാണ്ടായി അനുഭവിക്കുന്ന പീഡനത്തിന്റെ കാര്യം വിസ്മരിക്കുന്നതു രാഷ്ട്രീയ കാപട്യമല്ലേ? സിപിഎമ്മിന്റെ ന്യൂനപക്ഷസംരക്ഷണാവകാശവാദത്തിലും ഇതേ ഇരട്ടത്താപ്പുണ്ട്. അതുകൊണ്ടാണ്, ഒറീസ്സയിലെ ക്രൈസ്തവ പീഡനം പോലെയോ, അതിലേറെയോ ദുസ്സഹമാണു കേരള ക്രൈസ്തവസമൂഹം സിപിഎമ്മിൽ നിന്നനുഭവിക്കുന്ന മാനസികപീഡനം എന്നു മാർ ജോസഫ് പൗവത്തിൽ തുറന്നു പറഞ്ഞത്.**

"പാത്തുമ്മയുടെ ആട് അഥവാ പെണ്ണുങ്ങളുടെ ബുദ്ധി എന്ന തമാശക്കഥയാണ് ഞാനിവിടെ പറയാൻ പോകുന്നത്"എന്ന മുഖവുരയോടെയാണ് വൈക്കം മുഹമ്മദ് ബഷീർ തന്റെ വിഖ്യാതമായ നോവൽ ആരംഭിക്കുന്നത്. പക്ഷേ പാത്തുമ്മയുടെ ആട് ഒരു തമാശക്കഥയായില്ല.

എന്നാൽ, ഈ മാർച്ച് 18ലെ ദേശാഭിമാനി പത്രത്തിലെ ബൈലൈൻ വാർത്ത വായിച്ചവർ ഒരു തമാശക്കഥ ആസ്വദിച്ചിരിക്കണം. ഒറീസ്സയുടെ തലസ്ഥാന നഗരിയിലെ സിപിഐ(എം) സംസ്ഥാന കമ്മിറ്റി ഓഫീസ് ക്രൈസ്തവർക്ക് പ്രാർത്ഥനാലയമായി മാറിയിരിക്കുകയാണത്രെ! അത് ഒറീസ്സയിലെ പീഡിതമായ ക്രൈസ്തവ ന്യൂനപക്ഷത്തിനു സിപിഎം നല്കുന്ന സംരക്ഷണത്തിന്റെ മഹത്തായ സാക്ഷ്യമായി അവതരിപ്പിച്ചിരിക്കുകയാണ്.

ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ സംരക്ഷകർ എന്ന ബഹുമതി സ്വയം എടുത്തണിയുന്ന രാഷ്ട്രീയ പ്രസ്ഥാനമാണ് സിപിഎം. അതു പലപ്പോഴും മൂന്ന് പ്രസ്താവനകളുടെയും രണ്ട് പ്രതിഷേധറാലികളുടെയും കഥയാണ്. 'എവിടെയൊരു ക്ഷാമമുണ്ടെന്നു കേട്ടാലുടൻ കവിതയെഴുതീട്ടതും കാശാക്കി മാറ്റുന്ന' കവികളെ നമ്മുടെ ഒരു കവി തന്നെ രൂക്ഷമായി പരിഹസിക്കുന്നുണ്ട്. അതു സിപിഎമ്മിന് നന്നേയിണങ്ങും. ഇന്ത്യയിലെവിടെയെങ്കിലും ക്രൈസ്തവരോ മുസ്ലീങ്ങളോ പീഡിപ്പിക്കപ്പെട്ടാൽ അതിനെതിരെ കേരളത്തിൽ പ്രതിഷേധ റാലി നടത്താൻ പാർട്ടി വളരെ ഉത്സാഹത്തോടെ രംഗത്തിറങ്ങും. ന്യൂനപക്ഷവോട്ട് ഇവിടെ വളരെ വിലപ്പെട്ടതാണല്ലോ!



ഒറീസയിൽ അക്രമികൾ തകർത്ത ദേവാലയം

ഗാസയിലെ ഇസ്രായേൽ അതിക്രമങ്ങൾ ഒരു കാരണവശാലും ന്യായീകരിക്കാവുന്നതല്ല എന്നോർത്തുകൊണ്ടുതന്നെ ഒരു സംശയം ഉന്നയിക്കട്ടെ – അതിനെ അപലപിക്കുന്നവർ തിബത്തിലെ ചൈനീസ് അധിനിവേശത്തിനു ചരിത്രപരമായ നീതീകരണം അന്വേഷിക്കുന്നതു വൈരുധ്യമല്ലേ? ഒറീസ്സയിലെ ക്രൈസ്തവപീഡനമോർത്തു നിലവിളിക്കുമ്പോൾ ചൈനയിലെ ക്രൈസ്തവസമൂഹം ആറു പതിറ്റാണ്ടായി അനുഭവിക്കുന്ന പീഡനത്തിന്റെ കാര്യം വിസ്മരിക്കുന്നതു രാഷ്ട്രീയ കാപട്യമല്ലേ? സിപിഎമ്മിന്റെ ന്യൂനപക്ഷസംരക്ഷണാവകാശവാദത്തിലും ഇതേ ഇരട്ടത്താപ്പുണ്ട്. അതുകൊണ്ടാണ്, ഒറീസ്സയിലെ ക്രൈസ്തവ പീഡനം പോലെയോ, അതിലേറെയോ ദുസ്സഹമാണു കേരള ക്രൈസ്തവസമൂഹം സിപിഎമ്മിൽ നിന്നനുഭവിക്കുന്ന മാനസികപീഡനം എന്നു മാർ ജോസഫ് പൗവത്തിൽ തുറന്നു പറഞ്ഞത്.

മതത്തെ കമ്യൂണിസത്തിന്റെ മുഖ്യശത്രുവായി കരുതുന്നവർ മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കും എന്നു വാദിക്കുന്നതിനെക്കാൾ തമാശയായി മറ്റെന്താണുള്ളത്? കാലു രണ്ടും മുറിച്ചു മാറ്റി കൃത്രിമക്കാലു പിടിപ്പിക്കുന്ന കപടകാരുണ്യമാണത്. അതുകൊണ്ടാണ്, 'സിപിഎം പാർട്ടി ഓഫീസ് ക്രൈസ്തവർക്കു പ്രാർത്ഥനാലയം' എന്ന വാർത്ത ഒരു തമാശക്കഥയായി മാറുന്നത്.

നാലഞ്ചു ചെറുപ്പക്കാർ യശഃശരീരനായ എ.കെ. ഗോപാലന്റെ ചിത്രം തൂക്കിയിരിക്കുന്ന ഒരു മുറിയിൽ ഗാനാലാപനം നടത്തുന്ന ഒരു ഫോട്ടോയാണു വാർത്തയ്ക്കുള്ളിലുള്ളത്. സാധാരണ പ്രാർത്ഥനാവേദികളിൽ ഒരു കുരിശുരൂപമോ യേശുവിന്റെ രൂപമോ അല്ലെങ്കിൽ ഏതെങ്കിലും വിശുദ്ധന്റെയോ വിശുദ്ധയുടെയോ രൂപമോ ആണുണ്ടാവുക. പക്ഷേ, പത്രം നല്കുന്ന ഫോട്ടോയിൽ അത്തരമൊരു ദൃശ്യം കാണുന്നില്ല. എ.കെ.ജിയെത്തന്നെ തങ്ങളുടെ പ്രാർത്ഥനകൾക്കു മധ്യസ്ഥനായി കാണുന്ന ഏതെങ്കിലും പുതിയ പ്രാർത്ഥനക്കാരായിരിക്കാമവർ!

2008 ഓഗസ്റ്റ് 23ന് ഒറീസ്സയിൽ വിശ്വഹിന്ദു പരിഷത് നേതാവ് സ്വാമി ലക്ഷ്മണാനന്ദ സരസ്വതിയും നാലു അനുയായികളും മാവോയിസ്റ്റുകളുടെ വെടിയേറ്റു മരിച്ചു. 25ന് സ്വാമിയുടെ സംസ്കാരദിനത്തിൽ നടത്തിയ ഒറീസ്സാ ബന്ദിനോടനുബന്ധിച്ചാണ് ക്രൈസ്തവർക്കു നേരെയുള്ള അതിക്രമങ്ങൾ പൊട്ടിപ്പുറപ്പെട്ടത്. ഒട്ടേറെ പേർ മരണമടഞ്ഞു. നൂറുകണക്കിനു വീടുകളും നിരവധി ദേവാലയങ്ങളും ക്രൈസ്തവസ്ഥാപനങ്ങളും തകർക്കപ്പെട്ടു. ആയിരക്കണക്കിനാളുകൾ ഭവനരഹിതരായി കാടുകളിൽ അഭയം തേടി. കന്യാസ്ത്രീകൾ ഉൾപ്പെടെ മാനഭംഗത്തിനിരയായി.

ഇന്ത്യയുടെ മതേതരത്വത്തിനേറ്റ മാരകമായ മുറിവായിരുന്നു ഒറീസ്സ കലാപം. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതാണു സംഭവിച്ചത്. അക്രമത്തിനിരയായവരെ ആശ്വസിപ്പിക്കാനും സഹായിക്കാനും നിരവധി മനുഷ്യസ്നേഹികൾ ഓടിയെത്തി. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള രാഷ്ട്രീയ പ്രവർത്തകരും അക്കൂട്ടത്തിലുണ്ടായിരുന്നു. കേരളത്തിൽ നിന്നുള്ള ഇടതുപക്ഷ എംപിമാരായ സുരേഷ് കുറുപ്പും സി.കെ. ചന്ദ്രപ്പനും സംഭവസ്ഥലം സന്ദർശിച്ചവരിൽ പെടുന്നു. ഇതാണ് സിപിഎമ്മിന്റെ ന്യൂനപക്ഷസംരക്ഷണമായി ഉയർത്തിപ്പിടിക്കുന്നത്.

ഈ സന്ദർശനം നല്ലതുതന്നെ.പക്ഷേ, അവർ മാത്രമേ അവിടെ ചെന്നിരുന്നുള്ളു എന്നും അതുകൊണ്ടാണു കലാപം ശമിച്ചത് എന്നുമൊക്കെ തോന്നുംവിധം അവകാശവാദങ്ങൾ പുറപ്പെടുവിക്കുന്നതു ബാലിശമല്ലേ? ഇടതുപക്ഷ എംപിമാർ ജിവൻ പണയം വച്ചാണ് അവിടെ ചെന്നതെന്നും അന്നു കോൺഗ്രസും മറ്റും എവിടെയായിരുന്നു എന്നും കഴിഞ്ഞ ദിവസം കേരളത്തിലെ എൽഡിഎഫ് കൺവീനർ ആവേശം കൊള്ളുന്നതു കണ്ടു. കേൾക്കുന്നവർക്കും സാമാന്യ ബുദ്ധിയുണ്ടെന്ന കാര്യമെങ്കിലും ഇത്തരം നേതാക്കൾ ഓർമിക്കാത്തതെന്തുകൊണ്ടാണോ ആവോ? ഈ അവകാശവാദക്കാർക്ക് അവിടെ ന്യൂനപക്ഷപീഡനക്കാരെ സംരക്ഷിച്ച രാഷ്ട്രീയപ്രസ്ഥാനവുമായി തെരഞ്ഞെടുപ്പ് സഖ്യത്തിലേർപ്പെടാൻ ഒരു മടിയുണ്ടാവില്ലല്ലോ!

കമ്യൂണിസ്റ്റു പാർട്ടി അധികാരത്തിലെത്തിയ രാജ്യങ്ങളിലൊന്നും ക്രിസ്തുമതത്തിനു പരുക്കേല്ക്കാതിരുന്നിട്ടില്ല. കമ്യൂണിസ്റ്റു ഭരണകൂടങ്ങൾ തകർന്ന് ഒന്നരദശകം കഴിഞ്ഞിട്ടും, അവിടങ്ങളിൽ പിടിച്ചെടുക്കപ്പെട്ട ദേവാലയങ്ങളും മറ്റും മുഴുവനായി സഭയ്ക്കു തിരിച്ചുകൊടുത്തു കഴിഞ്ഞിട്ടില്ല. ആ പ്രസ്ഥാനത്തിന്റെ ഒരു സംസ്ഥാനകമ്മിറ്റി ഓഫീസ് ക്രൈസ്തവർക്കു പ്രാർത്ഥനാലയമായിരിക്കുന്നു എന്നു കേട്ടാൽ ചിരിക്കാതിരിക്കുന്നതെങ്ങനെ? കുറുക്കന്റെ അടുക്കളയിലോ കോഴിയുടെ സുഖവാസം?

ഇന്ത്യൻ സംസ്ഥാനങ്ങളിലാദ്യമായി, 1957ൽ കേരളത്തിൽ അധികാരത്തിലെത്തിയ കമ്യൂണിസ്റ്റു പാർട്ടി ആദ്യം നടത്തിയ ശ്രമങ്ങളിലൊന്ന്, വിദ്യാഭ്യാസ ബില്ലിന്റെ മറവിൽ കേരളത്തിലെ ക്രൈസ്തവർ ന്യൂനപക്ഷമല്ല എന്നു സ്ഥാപിച്ചെടുക്കാനായിരുന്നു. ഇന്ത്യൻ ഭരണഘടനയിൽ തട്ടിയാണ് ആ ഗൂഢനീക്കം തകർന്നുപോയത്. അതിനു വേണ്ടി സുപ്രീം കോടതിയിൽ വാദിക്കാൻ സംസ്ഥാനത്തിനു വെളിയിൽ നിന്നുള്ള അഭിഭാഷകരെ മുഖ്യമന്ത്രി ഇ.എം.എസ്സ് ഏർപ്പെടുത്തുകയും ചെയ്തു.

>> 7



CYAN MAGENTA YELLOW BLACK



ജർമൻ ഡയറി

ജോർജ് കുറ്റിക്കാട്ട്

# ദേവാലയം ജനപ്രതിനിധികൾക്കും മേൽക്കൂര

**രണ്ടാം ലോകമഹായുദ്ധം അതിന്റെ എല്ലാ ഭീകരഭാവത്തിലും യൂറോപ്പിൽ സംഹാരതാണ്ഡവം നടത്തി. ജർമനി ബോംബാക്രമണത്തിൽ കത്തിയെരിഞ്ഞു. 1944 മാർച്ച് 18-ാം തീയതി ആഞ്ഞടിച്ച വ്യോമാക്രമണത്തിൽ പൗലോസ് അപ്പസ്തോലന്റെ നാമത്തിലുള്ള ദേവാലയവും അഗ്നിക്കിരയായി നിലംപതിച്ചു. വിവിധ കാലഘട്ടങ്ങളിൽ പുതുക്കിപ്പണികൾ വേണ്ടിവന്നിരുന്ന ഈ ദേവാലയം തകർന്നുവീണത് ചരിത്രത്തിലെ ഒരു ഭീകരസംഭവമായിരുന്നു. ഒട്ടും താമസിച്ചില്ല. മഹായുദ്ധം അവസാനിച്ചയുടൻ തന്നെ ദേവാലയത്തിന്റെ പൂർവരൂപത്തിന് ഒരു മാറ്റവും വരുത്താതെ എല്ലാവിധ നവീന സൗകര്യങ്ങളും ചേർത്തുകൊണ്ട് ഫ്രാങ്ക്ഫർട്ട് നഗരത്തിലെ ഏറ്റവും ചരിത്രപ്രാധാന്യമുള്ള സ്ഥാപനമെന്ന നിലയിൽതന്നെ പുനർനിർമാണം നടത്തി.**

ജർമനിയുടെ ദേശീയ രാഷ്ട്രീയ ചരിത്രത്തിൽ ഏറെ ശ്രദ്ധിക്കപ്പെടേണ്ട മഹാസംഭവങ്ങൾ ഒന്നിനുപുറകേ മറ്റൊന്നായി സംഭവിച്ചുകൊണ്ടിരുന്ന കാലം. മധ്യയുഗകാലം മുതലേ ക്രിസ്ത്യൻ പുരോഹിതവർഗത്തിന്റെയും ഭരണകർത്തൃശ്രേണിയുടെയും സ്വാധീനം അക്കാലത്തെ ജനജീവിതത്തിൽ ഏറെ ആഴത്തിൽ ഊന്നിയിറങ്ങിയിരുന്നു.

1848ൽ ജർമനിയിലെ ദേശീയ പാർലമെണ്ടിലേക്ക് ജനാധിപത്യപരമായി നടന്ന പൊതുതെരഞ്ഞെടുപ്പിലൂടെ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ സമ്മേളന വേദിയായി മാറിയത് വിശുദ്ധ പൗലോസിന്റെ നാമത്തിലുള്ള ദേവാലയമായിരുന്നു.

ജർമനിയിലെ ഫ്രാങ്ക്ഫർട്ട് നഗരഹൃദയഭാഗത്ത് തലയുയർത്തി നില്ക്കുന്ന പൗലോസ് അപ്പസ്തോലന്റെ നാമത്തിലുള്ള ഈ ദേവാലയം അറിയപ്പെടുന്നത് "ഫ്രാങ്ക്ഫർട്ടർ പൗൾസ് കിയ്ർഹെ" എന്നാണ്.

രണ്ടാം ലോകമഹായുദ്ധം അതിന്റെ എല്ലാ ഭീകരഭാവത്തിലും യൂറോപ്പിൽ സംഹാരതാണ്ഡവം നടത്തി. ജർമനി ബോംബാക്രമണത്തിൽ കത്തിയെരിഞ്ഞു. 1944 മാർച്ച് 18-ാം തീയതി ആഞ്ഞടിച്ച വ്യോമാക്രമണത്തിൽ പൗലോസ് അപ്പസ്തോലന്റെ നാമത്തിലുള്ള ദേവാലയവും അഗ്നിക്കിരയായി നിലംപതിച്ചു.

വിവിധ കാലഘട്ടങ്ങളിൽ പുതുക്കിപ്പണികൾ വേണ്ടിവന്നിരുന്ന ഈ ദേവാലയം തകർന്നുവീണത് ചരിത്രത്തിലെ ഒരു ഭീകരസംഭവമായിരുന്നു. ഒട്ടും താമസിച്ചില്ല. മഹായുദ്ധം അവസാനിച്ചയുടൻ തന്നെ ദേവാലയത്തിന്റെ പൂർവരൂപത്തിന് ഒരു മാറ്റവും വരുത്താതെ എല്ലാവിധ നവീന സൗകര്യങ്ങളും ചേർത്തുകൊണ്ട് ഫ്രാങ്ക്ഫർട്ട് നഗരത്തിലെ ഏറ്റവും ചരിത്രപ്രാധാന്യമുള്ള സ്ഥാപനമെന്ന നിലയിൽതന്നെ പുനർനിർമാണം നടത്തി.

മധ്യയുഗത്തിൽ ഫ്രാൻസിസ്കൻ സഭാസന്യാസികളുടെ ആശ്രമദേവാലയമായിരുന്നു ഇപ്പോൾ കാണുന്ന സെന്റ് പോൾസ് ദേവാലയം. "ബാർഫ്യൂസർ കിയ്ർഹെ" അഥവാ "പാദരക്ഷാരഹിത സന്യാസികളുടെ പള്ളി" എന്നാണ് അക്കാലത്ത് അറിയപ്പെട്ടിരുന്നത്. ക്രിസ്ത്യൻ മതപരിഷ്കരണകാലത്തു തന്നെ ബാർഫ്യൂസർ ദേവാലയം അന്നത്തെ ദേവാലയങ്ങളിൽ ഏറ്റവും വലുതായിരുന്നു. ഇതിനാൽ തന്നെ 1548ൽ ലൂതറൻ ചർച്ചിന്റെ ഏറ്റവും പ്രധാന ദേവാലയമായി ബാർഫ്യൂസർ ദേവാലയത്തെ അംഗീകരിക്കുകയും ചെയ്തു.

മധ്യയുഗത്തിൽ യൂറോപ്യൻ ഭൂപ്രദേശങ്ങളിൽ രാജഭരണവും രാജ്യം പിടിച്ചടക്കലും ഏകാധിപത്യഭരണവും അധികാരകൈമാറ്റങ്ങളുമൊക്കെ തകൃതിയായി നടക്കുന്ന കാലമാണ്. ജർമനിയിലെ സ്ഥിതിവിശേഷങ്ങളും മറ്റൊന്നായിരുന്നില്ല. രാഷ്ട്രവും രാഷ്ട്രീയവും ക്രിസ്തുമതവും തമ്മിൽ വേർപെടുത്താനാവാത്ത സമ്പർക്കമാണുണ്ടായിരുന്നത്. ഫ്രാങ്ക്ഫർട്ടിലും ഇപ്രകാരം തന്നെ ഫ്രാൻസിസ്കൻ ആശ്രമവാസികളുമായി മാറിമാറി വരുന്ന നഗരഭരണകർത്താക്കൾക്ക് ബന്ധമുണ്ടായിരുന്നു. ആശ്രമദേവാലയമായ ബാർഫ്യൂസർ പള്ളി നഗരവാസികൾക്ക് പൊതുവിൽ ഇടവക ദേവാലയമായിരുന്നെങ്കിലും ഇടവക വികാരിത്തവും ഭരണാധികാര കുത്തകയും അന്നത്തെ ചക്രവർത്തിയുടെ അധീനതയിലുള്ള സെന്റ് ബർത്തലൂമായ് പള്ളിയുടെ കീഴിലായിരുന്നു.

1314ൽ ലുഡ്വിഗ് നാലാമൻ രാജാവിന്റെ തെരഞ്ഞെടുപ്പ് അന്നത്തെ മാർപാപ്പയുമായി ആദർശപരമായി ഒരു ഏറ്റുമുട്ടലിന് കാരണമാക്കി. ഇതേ സമയം ഫ്രാങ്ക്ഫർട്ടിലെ പുരോഹിത ഗണത്തിലും സാരമായ പിളർപ്പുണ്ടായി. ഇവർ ചേരിതിരിഞ്ഞു ചക്രവർത്തിയുടെ അനുഭാവികളും മാർപാപ്പയുടെ അനുഭാവികളുമായി രണ്ടായി പിളർന്നു.

1330നും 1350നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ഫ്രാൻസിസ്കൻ ആശ്രമദേവാലയമായ "ബാർഫ്യൂസർ ചർച്ച്" അടച്ചുപൂട്ടിയെങ്കിലും ചക്രവർത്തിയോട് അനുഭാവം പുലർത്തിയിരുന്ന ആശ്രമനിവാസികൾ വിശുദ്ധ കുർബാനയും മറ്റ് ആചാരാനുഷ്ഠാനങ്ങളും ഇടയ്ക്കിടെ നടത്തിയിരുന്നു. പ്രസിദ്ധ ജർമൻ ചരിത്രകാരനായിരുന്ന ജോഹൻ ജോർജ് ബാറ്റോൺ 1866ൽ ഫ്രാങ്ക്ഫർട്ടിലെ ഒരു പ്രാദേശിക പ്രസിദ്ധീകരണത്തിൽ എഴുതിയിരുന്നു.

1270 ലാണ് ഫ്രാൻസിസ്കൻ പാദരക്ഷാരഹിത സഭാസന്യാസികളുടെ ആശ്രമദേവാലയം ഔദ്യോഗികമായി രജിസ്റ്റർ ചെയ്തു പ്രഖ്യാപിക്കപ്പെട്ടത്. എങ്കിലും ഈ പള്ളിയുടെ നിർമാണം പതിറ്റാണ്ടുകൾക്ക് മുമ്പേ തന്നെ തീർന്നിരുന്നുവെന്ന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. 1238 മുതൽ ഈ ദേവാലയമുണ്ടായിരുന്നുവെന്ന് 1706ൽ ഫ്രാങ്ക്ഫർട്ടിൽ അക്കാലത്ത് പ്രമുഖനായിരുന്ന അഗസ്റ്റസ് ഫൊൻ ലെർസ്നർ പ്രസിദ്ധീകരിച്ചിരുന്ന ലേഖനത്തിൽ വെളിപ്പെടുത്തിയിരുന്നു.

ഇതിനെ ഒന്നുകൂടി സ്ഥിരപ്പെടുത്തുന്ന തെളിവുകളാണ് ഹൈൻറിഷ് ക്നോബ്ലേഹ് തുടങ്ങിയ പലരുടെയും ശവക്കല്ലറകളിലെഴുതപ്പെട്ടിരുന്ന സാക്ഷ്യങ്ങൾ. വിശ്വാസയോഗ്യമായ ഇത്തരം തെളിവുകളനുസരിച്ച് 1221 മുതൽ ജർമനിയുടെ പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലും ഫ്രാൻസിസ്കൻ പാദരക്ഷാരഹിതരുടെ (സഭാസന്യാസികളുടെ) ആശ്രമങ്ങളും ദേവാലയങ്ങളും ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുന്നുണ്ട്.



*സെന്റ് പോൾസ് ചർച്ച്, ഫ്രാങ്ക്ഫർട്ട്*

പതിമൂന്നാം നൂറ്റാണ്ടിൽ വർധിച്ചുവന്നുകൊണ്ടിരുന്ന ജനപ്പെരുപ്പം ഫ്രാങ്ക്ഫർട്ട്പോലെയുള്ള നഗരങ്ങളിൽ സാമൂഹ്യജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി. പ്രശ്നസങ്കീർണമായ കാലഘട്ടമായിരുന്നു. ഇതോടെ ഫ്രാങ്ക്ഫർട്ടിലെ വിശ്വാസിസമൂഹത്തിന്റെ ആത്മീയോപദേഷ്ടാക്കളായും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ മേല്നോട്ടക്കാരായും ഫ്രാൻസിസ്കൻ പാദരക്ഷാരഹിത സന്യാസികൾ മുന്നോട്ടുവന്ന് പ്രവർത്തിച്ചു.

പിന്നീടുള്ള കാലങ്ങളിൽ ഫ്രാങ്ക്ഫർട്ട് നഗരസഭയും ആശ്രമവുമായി ഏറെ അടുത്ത ബന്ധങ്ങൾ പുലർത്തിയിരുന്നു. ആശ്രമവും പള്ളിയും പള്ളിയുടെ മറ്റു സ്ഥാപനങ്ങളും ജനങ്ങളുടെ പൊതു ആവശ്യത്തിനായി ഉപയോഗിക്കുവാൻ അനുവദിച്ചു. വിശുദ്ധ കുർബാനയ്ക്കു പുറമേ, ചക്രവർത്തിയുടെയോ രാജാവിന്റെയോ തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള വേദിയായും ആശ്രമവക സ്ഥാപനങ്ങൾ ഒരുക്കിക്കൊടുത്തു. പലപ്പോഴും ആശ്രമമന്ദിരങ്ങൾ നഗരസഭയുടെ സമ്മേളനവേദിയായി മാറി. ഏറെ സൗകര്യങ്ങളോടുകൂടി 1405 ലാണ് നഗരസഭയ്ക്കുവേണ്ടി റോമാക്കാരുടെ സഹായത്തോടെ ഒരു മന്ദിരം വാങ്ങിയത്.

വിശുദ്ധ ഫ്രാൻസിസിന്റെ സഭാചട്ടങ്ങൾക്ക് വിരുദ്ധമായി പിൽക്കാലത്തുണ്ടായ അനവധി നടപടികളും പരിഷ്കാരങ്ങളും മൂലം ജർമനിയൊട്ടാകെയും, അതുപോലെ ഫ്രാങ്ക്ഫർട്ടിലും ആശ്രമഭരണക്രമത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു. 1469ൽ ആശ്രമചട്ടങ്ങളുടെ പരിഷ്കരണവും, ദാരിദ്ര്യവ്രതം പൂർവാധികം ശക്തമായി പ്രബലപ്പെടുത്തുവാനും തീരുമാനമായതോടെ ആശ്രമവക സ്ഥാപനങ്ങൾ നഗരസഭയ്ക്കു വിട്ടുകൊടുത്തു. ഇക്കാലത്ത് ഫ്രാങ്ക്ഫർട്ടിലെ ആശ്രമത്തിൽ പത്തോളം സന്യാസിമാർ മാത്രമാണ് അന്തേവാസികളായി ഉണ്ടായിരുന്നത്.

1530 നോടകം ഔദ്യോഗികമായിത്തന്നെ ഫ്രാങ്ക്ഫർട്ടിൽ ക്രിസ്ത്യൻ മതപരിഷ്കരണം ഏതാണ്ട് പൂർണമായി കഴിഞ്ഞിരുന്നു. 1529 ജൂൺ ഒൻപതിന് പാദരക്ഷാരഹിത ഫ്രാൻസിസ്കൻ സന്യാസിമാരുടെ ആശ്രമം നഗരസഭയ്ക്കു പൂർണമായി കൈമാറ്റം ചെയ്തു. ഇതേതുടർന്ന് അക്കാലത്ത് ഉണ്ടായിരുന്ന അനവധി സന്യാസികൾ വിവാഹിതരായി ആശ്രമം ഉപേക്ഷിച്ചുപോയി. അവരിലെ അവസാനത്തെ കണ്ണി, പീറ്റർ ഫൈഫർ, നഗരസഭ നിശ്ചയിച്ച മതപ്രസംഗകനായിത്തീർന്നു. അങ്ങനെ ഫ്രാൻസിസ്കൻ ബാർഫ്യൂസർ ചർച്ച് 1548 മുതൽ ജർമനിയിലെ ഏറ്റവും പ്രധാനപ്പെട്ട ലൂതറൻസ് ചർച്ചായിത്തീർന്നു.

1833 മെയ് 23-ാം തിയതി ആശ്രമദേവാലയത്തിന്റെ ചരിത്രത്തിലെ സുപ്രധാന സംഭവം നടന്നു. ഫ്രാങ്ക്ഫർട്ട് നഗരസഭയിലെ ലൂതറൻസ് ചർച്ച് സമിതി അക്കാലത്ത് പുതുക്കിപ്പണിത ദേവാലയത്തിന് പൗലോസ് അപ്പസ്തോലന്റെ നാമം നല്കണമെന്നുള്ള നിർദേശം പാസ്സാക്കി ഉത്തരവിട്ടു. ഇത്തരമൊരു തീരുമാനത്തിന് ന്യായം പറയുന്നതിങ്ങനെയാണ്: "കത്തോലിക്കാ സഭയിലെ ഫ്രാൻസിസ്കൻ പാദരക്ഷാരഹിത സന്യാസികൾ ജർമനിയിൽ തീർത്തും അന്യം നിന്നുപോയി". ഇതിനാൽത്തന്നെ ആശ്രമത്തിനും ആശ്രമദേവാലയത്തിനും ഉണ്ടായിരുന്ന പേര് പുതുക്കിപണിത ദേവാലയത്തിന് ചേരുന്നതല്ലായെന്ന വാദഗതിക്ക് മുൻഗണന ലഭിച്ചു.

>> 8

CYAN MAGENTA YELLOW BLACK

രാഷ്ട്രീയ കേരളം

സാബു ജോൺ

# ഇടതുമുന്നണിയിൽ ഇനി പ്രതിസന്ധിയുടെ കലാശക്കൊട്ട്




ശക്തമായ യുഡിഎഫ് തരംഗത്തിന്റെ സൂചനകൾ കാട്ടിക്കൊണ്ട് കേരളത്തിലെ സമ്മതിദായകർ വോട്ടവകാശം വിനിയോഗിച്ചു. ഇനി ഒരു മാസത്തേക്ക് വോട്ടിംഗ് ശതമാനത്തിന്റെ കണക്കുകളെയും അടിയൊഴുക്കുകളെയു കുറിച്ചുള്ള ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ ഇരുമുന്നണികൾക്കും കൂട്ടലും കിഴിക്കലുമായി കാലം കഴിക്കാം. എന്നാൽ മേയ് 16നു തെരഞ്ഞെടുപ്പുഫലം പുറത്തു വരുന്നതോടെ കേരള രാഷ്ട്രീയം കാര്യമായ മാറ്റങ്ങൾക്കു സാക്ഷ്യം വഹിക്കും.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും ലോക്സഭാ തെരഞ്ഞെടുപ്പിലും ഇടതുമുന്നണിക്ക് അവർ പ്രതീക്ഷിച്ചതിലുമപ്പുറം പിന്തുണ ജനങ്ങൾ നല്കി. ഇടതുഭരണം രണ്ടരവർഷം പിന്നിടുമ്പോൾ ജനങ്ങൾക്കിടയിൽ ഭരണത്തിനെതിരായ വികാരം ശക്തമാണ്. എന്നാൽ യുഡിഎഫിനെതിരായി കാര്യമായ വികാരം നിലനിൽക്കുന്നുമില്ല. കഴിഞ്ഞ രണ്ടു തെരഞ്ഞെടുപ്പുകളിൽ ഇടതുമുന്നണി നിന്നിടത്താണ് ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് നിൽക്കുന്നത്.

വ്യക്തമായ മുൻതൂക്കത്തോടെയുള്ള വിജയം യുഡിഎഫിനെ സംബന്ധിച്ചിടത്തോളം അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിലേക്ക് കൂടുതൽ ആത്മവിശ്വാസത്തോടു കൂടി നീങ്ങുന്നതിന് അവരെ സഹായിക്കും.

എന്നാൽ ഇടതുരാഷ്ട്രീയത്തിന്റെ കഥയതല്ല. തെരഞ്ഞെടുപ്പു ഫലം അവിടെ പലതിന്റെയും തുടക്കം മാത്രമായിരിക്കും. ഒരു പക്ഷേ കേരളത്തിലെ ഇടതുമുന്നണിയുടെ രൂപഭാവം തന്നെ മാറിമറിയുന്നതിനു തെരഞ്ഞെടുപ്പിലെ ജയപരാജയങ്ങൾ കാരണമായേക്കാം.

തെരഞ്ഞെടുപ്പുഫലം ഏറ്റവും നിർണായകമാകുക സിപിഎമ്മിനായിരിക്കും. കാരണം പാർട്ടിക്കുള്ളിൽ നാളുകളായി നീറിപ്പുകഞ്ഞു നില്ക്കുന്ന ഗ്രൂപ്പിസത്തിന്റെ ഭാവിഗതിയെന്തെന്നു തീരുമാനിക്കപ്പെടുന്നത് തെരഞ്ഞെടുപ്പുഫലത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ എൽഡിഎഫിനുണ്ടായ ഉജ്ജ്വലവിജയത്തിന്റെ ക്രെഡിറ്റ് പാർട്ടി നേതൃത്വത്തിനു മാത്രമായി അവകാശപ്പെടാൻ കഴിയാതെ പോയി. കാരണം എൽഡിഎഫിനനുകൂലമായി രൂപപ്പെട്ട തരംഗം വി.എസ്. അച്യുതാനന്ദന്റെ വ്യക്തിപ്രഭാവത്തിന്റെ കൂടി ഫലമായിട്ടായിരുന്നു.

എന്നാൽ ഇക്കുറി തെരഞ്ഞെടുപ്പു പ്രചാരണരംഗത്ത് വി.എസ്. അച്യുതാനന്ദനെ കാണാനേയില്ലായിരുന്നു. വിരലിലെണ്ണാവുന്ന പ്രചാരണയോഗങ്ങളിൽ മാത്രമാണ് വിഎസ് പ്രസംഗിച്ചതു പോലും. യഥാർഥത്തിൽ പ്രചാരണത്തിനിറങ്ങാൻ വിഎസിനു താത്പര്യമുണ്ടായിരുന്നില്ല. വിഎസിനെ കളത്തിലിറക്കാൻ പിണറായിക്കും കൂട്ടർക്കും അത്രയും പോലും ഇഷ്ടവുമില്ലായിരുന്നു. സിപിഎമ്മിന്റെ സ്ഥാനാർഥികളെ നിശ്ചയിക്കുന്നതു മുതൽ എല്ലാക്കാര്യത്തിലും പിണറായി വിജയൻ താത്പര്യപ്പെട്ടതു പോലെ മാത്രമാണ് കാര്യങ്ങൾ നടന്നത്. അതുകൊണ്ടു തന്നെ ഈ തെരഞ്ഞെടുപ്പിലെ തോല്‌വിയോ വിജയമോ പിണറായിയുടെ രാഷ്ട്രീയഭാവിക്കു നിർണായകമാണ്.

തെരഞ്ഞെടുപ്പുഫലം പുറത്തു വരുമ്പോൾ പകുതിയോളം സീറ്റുകളിലെങ്കിലും വിജയിച്ചാൽ അതു പിണറായിയുടെ വിജയമാകും. കൂട്ടത്തോൽവിയുണ്ടായാൽ പിണറായിയുടെ പരാജയവുമാകും. അങ്ങനെ തോല്‌വി രുചിക്കേണ്ടി വന്നാൽ വിഎസ് നേതൃത്വം നല്കുന്ന ആശയഗതിക്കാർ പാർട്ടിക്കുള്ളിൽ പിണറായിയുടെ ചോരയ്ക്കു വേണ്ടി മുറവിളി കൂട്ടും. അതുകൊണ്ടു തന്നെ പിണറായി

**വിരലിലെണ്ണാവുന്ന പ്രചാരണയോഗങ്ങളിൽ മാത്രമാണ് വിഎസ് പ്രസംഗിച്ചതു പോലും. യഥാർഥത്തിൽ പ്രചാരണത്തിനിറങ്ങാൻ വിഎസിനു താത്പര്യമുണ്ടായിരുന്നില്ല. വിഎസിനെ കളത്തിലിറക്കാൻ പിണറായിക്കും കൂട്ടർക്കും അത്രയും പോലും ഇഷ്ടവുമില്ലായിരുന്നു. സിപിഎമ്മിന്റെ സ്ഥാനാർഥികളെ നിശ്ചയിക്കുന്നതു മുതൽ എല്ലാക്കാര്യത്തിലും പിണറായി വിജയൻ താത്പര്യപ്പെട്ടതു പോലെ മാത്രമാണ് കാര്യങ്ങൾ നടന്നത്. അതുകൊണ്ടുതന്നെ ഈ തെരഞ്ഞെടുപ്പിലെ തോല്‌വിയോ വിജയമോ പിണറായിയുടെ രാഷ്ട്രീയഭാവിക്കു നിർണായകമാണ്.**

വിജയനെ സംബന്ധിച്ചിടത്തോളം ഈ തെരഞ്ഞെടുപ്പ് അതിനിർണായകമാണ്.

മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനാണ് നെഞ്ചിടിപ്പോടെ തെരഞ്ഞെടുപ്പുഫലം നോക്കിയിരിക്കുന്ന മറ്റൊരാൾ. പിണറായി വിജയൻ നയിച്ച തെരഞ്ഞെടുപ്പിൽ പിണറായിയുടെ സ്ഥാനാർഥികൾ ജയിച്ചു വന്നാൽ പിന്നെ മുഖ്യമന്ത്രിയായി വിഎസ് ഉണ്ടാകില്ലെന്ന കാര്യം അദ്ദേഹത്തിനു നന്നായി അറിയാം. അതുകൊണ്ടു തന്നെ വി.എസ്. മനസ്സിൽ ആഗ്രഹിക്കുന്നതെന്തെന്നറിയാൻ പാഴൂർ പടിപ്പുര വരെ പോകേണ്ട കാര്യവുമില്ല.

തെരഞ്ഞെടുപ്പു മത്സരരംഗത്തേയില്ലാതിരുന്ന മറ്റൊരാളാണ് ഇതിനെക്കാൾ നെഞ്ചിടിപ്പോടെ കാത്തിരിക്കുന്നത്. അത് ജനതാദളിന്റെ സംസ്ഥാന പ്രസിഡണ്ട് എം.പി. വീരേന്ദ്രകുമാറാണ്. ഇടതുമുന്നണിയിയിൽ നിന്നു പുറത്തുവന്ന് യുഡിഎഫിനെ പരസ്യമായി പിന്തുണച്ച ജനതാദളിനെ സംബന്ധിച്ചിടത്തോളം ചുരുങ്ങിയത് വടക്കൻ കേരളത്തിലെ മൂന്നോ നാലോ പാർലമെന്റ് മണ്ഡലങ്ങളിലെങ്കിലും ഇടതുമുന്നണിയുടെ പരാജയം ഉറപ്പാക്കണം. അതല്ലെങ്കിൽ ആ പാർട്ടിയുടെ പ്രസക്തി തന്നെ കേരള രാഷ്ട്രീയത്തിൽ എന്നെന്നേക്കുമായി ഇല്ലാതാകും. വടകര, പാലക്കാട്, ആലത്തൂർ, കോഴിക്കോട് മണ്ഡലങ്ങളിൽ ഇടതുമുന്നണി സ്ഥാനാർഥികൾ പരാജയപ്പെട്ടാൽ ജനതാദളിന് ആശ്വസിക്കാം. യുഡിഎഫിൽ ഇടംകിട്ടണമെങ്കിലും സ്വന്തം ശക്തി തെളിയിക്കേണ്ടതുണ്ടല്ലോ?

അതുപോലെ തന്നെ കേരളത്തിലെ സിപിഎം രാഷ്ട്രീയത്തിനു നിർണായകമാകുന്ന മറ്റൊരു കാര്യം അഞ്ചു മണ്ഡലങ്ങളിലെ വിമത മാർക്സിസ്റ്റ് സ്ഥാനാർഥികളുടെ പ്രകടനമാകും. ഷൊർണൂരിൽ എം.ആർ. മുരളി ഒരിക്കൽ തെളിയിച്ച കാര്യം വെറുമൊരു താത്കാലിക പ്രതിഭാസമല്ലെന്നു തെളിയിക്കണമെങ്കിൽ അവർക്ക് സിപിഎം സ്ഥാനാർഥികളുടെ പരാജയം ഉറപ്പിക്കുന്നതിനൊപ്പം സ്വന്തം ശക്തി വെളിപ്പെടുത്തുകയും വേണം.

**സിപിഎമ്മിന്റെ ചരിത്രത്തിലാദ്യമായാണ് തെരഞ്ഞെടുപ്പു വേളയിൽ പാർട്ടിക്കുള്ളിൽ നിന്ന് ഇത്രമാത്രം എതിർപ്പും നിസഹകരണവും നേരിടുന്നത്. ഒരു പക്ഷേ കമ്യൂണിസ്റ്റ് പാർട്ടിയുടെ കെട്ടുറപ്പിനെയും അച്ചടക്കത്തെയും പോലും വെല്ലുവിളിച്ചു കൊണ്ട് ഉയർന്നു വന്നിരിക്കുന്ന ഈ പ്രശ്നം അച്ചടക്ക നടപടിയെന്ന ആയുധം ഉപയോഗിച്ചു വെട്ടിനിരത്തി അവസാനിപ്പിക്കാൻ കഴിയുന്ന പ്രശ്നമാണോയെന്ന് കാലം തെളിയിക്കും.**

>> 6